**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3511** **05-08-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ നേട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചരക്കുസേവന നികുതി നടപ്പിലാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ നേട്ടം എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | സംസ്ഥാന സർക്കാർ ചുമത്തിയിരുന്ന വാറ്റ്, കേന്ദ്ര സർക്കാർ ചുമത്തിയിരുന്ന എക്സൈസ് തീരുവ, സർവീസ് ടാക്സ് , മറ്റു പല പരോക്ഷ നികുതികൾ എന്നിവ ഒരുമിച്ച് ചേർത്ത് ഒറ്റ നികുതി സമ്പ്രദായത്തിലേക്ക് മാറിയതാണ് ജി.എസ്.ടി. ജി.എസ്.ടി-യിലൂടെ നികുതിക്കുമേൽ നികുതി ഒഴിവാക്കി. അന്തർ സംസ്ഥാന വാങ്ങലിന് ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്കു സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ശരിയായ രീതിയിൽ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാൽ ഉൽപ്പന്നങ്ങൾക്ക് പൊതുവെ വിലക്കുറവുണ്ടാകേണ്ടതാണ്. നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണം എന്ന വ്യവസ്ഥയോടെയാണ് ജി.എസ്.ടി നികുതി നിയമം നടപ്പിലാക്കിയിട്ടുള്ളത്. ഇത് പരിശോധിക്കുന്നതിന് ആന്റി പ്രോഫിറ്ററിങ് അതോറിറ്റിയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ